swamy saranam

# TRAVANCORE DEVASWOM BOARD

**Office of the Executive Engineer, Sabarimala Development Project, Pathanamthitta**

**Ph:- 0468- 2220666** **e-mail: eesabarimala@gmail.com**

<u>J C B (Tracked excavator ) ലേല പരസ്യം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ ഉടമസ്ഥതയിൽ ഉള്ളതും ശബരിമലയിൽ ഉപയോഗിച്ച് കൊണ്ടിരുന്നതുമായ ജെസിബി (JCB JS 120 tracked excavator engine SL.NO. H 00030939 machine SL.NO. 1777560 model 2012) നിലവിലുള്ള അവസ്ഥയിൽ **20/2/2024 പകൽ 11:30ന് തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ വച്ച്** ദേവസ്വം ബോർഡിൻറെ ROC No.1300/23/M dated 30/11/2023 ഉത്തരവ് പ്രകാരം താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ എക്സിക്യൂട്ടീവ് എൻജിനീയർ ശബരിമല ഡെവലപ്മെൻറ് പ്രോജക്റ്റ്, പത്തനംതിട്ട ഓഫീസിൽ നിന്നോ, ശബരിമല അസിസ്റ്റൻറ് എഞ്ചിനീയർ ആഫീസിൽ നിന്നോ, പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്. ടി ജെ സി ബി നിലവിൽ ശബരിമല മരക്കൂട്ടത്ത് സൂക്ഷിച്ചിരിക്കുന്നതും ആയത് ശബരിമല അസിസ്റ്റൻറ് എൻജിനീയറുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതുമാണ്.

<u>നിബന്ധനകൾ</u>

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുൻപായി 23000/-രൂപ നിരത ദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിന് പങ്കെടുക്കുന്നവർ/ കൊട്ടേഷൻ നൽകുന്നവർ നിർബന്ധമായും തിരിച്ചറിയൽ രേഖ കൈവശം വെച്ചിരിക്കുകയോ കൊട്ടേഷൻ നോടൊപ്പം സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്.

2. ലേലം വിളി ആരംഭിക്കുന്നതിന് മുൻപ് കൊട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. കൊട്ടേഷൻ നോടൊപ്പം 23,000/-രൂപയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശബരിമല ഡെവലപ്മെൻറ് പ്രോജക്റ്റ് പത്തനംതിട്ട ധനലക്ഷ്മി ബാങ്കിൽ മാറാവുന്ന ബാങ്ക് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്. ലേലം ആരംഭിച്ചതിനുശേഷം കൊട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

3. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന/ കൊട്ടേഷൻ നൽകുന്നയാളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതാണ്.

4. ലേലം കൊണ്ട വ്യക്തിയോ, കൊട്ടേഷൻ നൽകുന്ന വ്യക്തിയോ അർഹനായാൽ ലേല തുകയുടെ/ കൊട്ടേഷൻ തുകയുടെ 50 ശതമാനവും അതിൻറെ 18% ജി എസ് ടി യും അപ്പോൾ തന്നെ രൊക്കം പണമായോ/Bank ട്രാൻസ്ഫറോ ചെയ്യേണ്ടതാണ്.

5. കാരണം കാണിക്കാതെ തന്നെ ലേലം മാറ്റിവയ്ക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ലേലം സ്ഥിരപ്പെടുത്താതിരിക്കുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. എല്ലാ ലേലവിൽപ്പനയും ദേവസ്വം ബോർഡിൻറെ അംഗീകാരത്തിനും തീരുമാനത്തിനും വിധേയമായിരിക്കും.

7. ലേലം/ കൊട്ടേഷൻ അനുവദിച്ചുകൊണ്ട് ദേവസ്വം ബോർഡിൻറെ ഉത്തരവ് ലഭിച്ചശേഷം ഏഴ് ദിവസത്തിനകം ബാക്കി ലേലത്തുകയും അതിൻറെ നികുതിയും കെട്ടിവെച്ച് ടി ജെസിബി (Tractor Excavator)സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം  നീക്കം ചെയ്യുമ്പോൾ ദേവസ്വം ബോർഡിൻറെ സ്ഥാവര ജംഗമ വസ്തുക്കൾക്ക് യാതൊരു വിധത്തിലുള്ള നാശനഷ്ടങ്ങളും വരുത്തുവാൻ പാടില്ലാത്തതാണ് .ഏതെങ്കിലും രീതിയിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായാൽ ആയത് ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ,ടി നഷ്ടം നികത്തിയതിനുശേഷമേ ടി യന്ത്രം പമ്പയിൽ നിന്നു കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളു.   ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിവച്ച തുക മുഴുവൻ ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതും ടി JCB പുനർ ലേലം ചെയ്യുന്നതും ആണ്.

8. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള എല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

9. ലേല ദിവസം പൊതു അവധി ദിവസമായി പ്രഖ്യാപിച്ചാൽ ലേലം അടുത്ത പ്രവർത്തി ദിവസം അതേസമയം നടത്തുന്നതായിരിക്കും.

ഫോൺ:
Assistant Engineer Sabarimala: 9495687135
Executive Engineer Pathanamthitta: 9447774000

പത്തനംതിട്ട
22/01/2024

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

Sd/-
എക്സിക്യൂട്ടീവ് എഞ്ചിനീയർ
ശബരിമല ഡെവലപ്മെൻറ് പ്രോജക്ട്
പത്തനംതിട്ട

swamy saranam








swamy saranam









swamy saranam







swamy saranam

